**15 -ാം കേരള നിയമസഭ**

**16 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2213** **05-02-2026 - ൽ മറുപടിയ്ക്ക്**

**ആശുപത്രികളിൽ ഡോക്ടർമാർക്കും സ്റ്റാഫംഗങ്ങൾക്കും നേരെയുള്ള അതിക്രമങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.കെ. രാമചന്ദ്രൻ | | ശ്രീമതി വീണാ ജോർജ്ജ്<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് ആശുപത്രികളിൽ ഡോക്ടർമാർക്കും സ്റ്റാഫംഗങ്ങൾക്കും നേരെ അതിക്രമങ്ങൾ നടക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കാമോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇത്തരം സംഭവങ്ങളെ സർക്കാർ അത്യന്തം ഗൗരവമായിത്തന്നെ കാണുന്നു.<br><br>സർക്കാർ ആശുപത്രികളിൽ ഡ്യൂട്ടിയിലുള്ള ഡോക്ടർമാർക്കും ജീവനക്കാർക്കും നേരെയുണ്ടാകുന്ന അതിക്രമങ്ങൾ തടയുന്നതിനായി സർക്കാർ *Code Grey Protocol* നടപ്പിലാക്കിയിട്ടുണ്ട്. ആശുപത്രികളിൽ അക്രമസാധ്യതയുള്ള സാഹചര്യങ്ങൾ നേരിടുന്നതിനും ആരോഗ്യ പ്രവർത്തകരുടെ സുരക്ഷ ഉറപ്പാക്കുന്നതിനുമായി ഇതിന്റെ ഭാഗമായി വിവിധ നടപടികൾ സ്വീകരിച്ചുവരുന്നു. പ്രധാനമായും ആശുപത്രി ജീവനക്കാർക്ക് അടിയന്തര സാഹചര്യങ്ങളിൽ സ്വീകരിക്കേണ്ട നടപടികളെക്കുറിച്ച് വ്യക്തമായ മാർഗരേഖ നൽകുകയും ആവശ്യമായ പരിശീലനം നൽകുകയുമാണ് ഈ പ്രോട്ടോക്കോളിന്റെ ഉദ്ദേശം.<br><br>കൂടാതെ, ആരോഗ്യ പ്രവർത്തകർക്ക് എതിരെയുള്ള അതിക്രമങ്ങൾ തടയുന്നതിനായി കേരള ഹെൽത്ത് കെയർ സർവീസ് പേഴ്സൺസ് ആൻഡ് ഹെൽത്ത് കെയർ സർവീസ് ഇൻസ്റ്റിറ്റ്യൂഷൻസ് (പ്രിവെൻഷൻ ഓഫ് വയലൻസ് ആൻഡ് ഡാമേജ് ടു പ്രോപ്പർട്ടി) ആക്ട് 2023-ൽ ഭേദഗതി വരുത്തി നിയമം കൂടുതൽ ശക്തമാക്കിയിട്ടുണ്ട്. ഭേദഗതിയിലൂടെ ശിക്ഷാ വ്യവസ്ഥകൾ കർശനമാക്കുകയും സംരക്ഷണ പരിധി പാരാമെഡിക്കൽ സ്റ്റാഫ്, സുരക്ഷാ ജീവനക്കാർ തുടങ്ങിയവരിലേക്കും വ്യാപിപ്പിക്കുകയും ചെയ്തിട്ടുണ്ട്.<br><br>അടിയന്തര സാഹചര്യം ഉണ്ടാകുമ്പോൾ എല്ലാ ജീവനക്കാരെയും ഉടൻ അറിയിക്കുന്നതിനായി ആശുപത്രികളിലെ തെരഞ്ഞെടുത്ത സ്ഥലങ്ങളിൽ പബ്ലിക് അനൗൺസ്മെന്റ് സംവിധാനം, CCTV സംവിധാനം എന്നിവ സ്ഥാപിക്കുന്നതും, പാനിക് അലാം സംവിധാനങ്ങൾ വഴി അടിയന്തരമായി |

| | | | |
|---|---|---|---|
| | | | കൺട്രോൾ റൂമുമായി ബന്ധപ്പെടുന്നതിനുള്ള സൗകര്യങ്ങൾ ഒരുക്കുന്നതുമായി ബന്ധപ്പെട്ട് പ്രത്യേക പ്ലാൻ സ്കീം രൂപീകരിച്ച് 2 കോടി രൂപ അനുവദിച്ച് DHS - നു കീഴിലുള്ള സ്ഥാപനങ്ങൾക്ക് നൽകി വരുന്നു.<br><br>സർക്കാർ മെഡിക്കൽ കോളേജ് ആശുപത്രികളിലെ ഡ്യൂട്ടിയിലുള്ള ഡോക്ടർമാർക്കും ജീവനക്കാർക്കും നേരെയുണ്ടാകുന്ന അതിക്രമങ്ങൾ തടയാൻ ചുവടെ ചേർക്കും പ്രകാരമുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.<br><br>1. 24 മണിക്കൂറും പ്രവർത്തിക്കുന്ന എയ്ഡ്പോസ്റ്റ് പ്രവർത്തിക്കുന്നു.<br>2. ആശുപത്രി വികസന സമിതി മുഖാന്തിരവും നേരിട്ടും ഔട്ട്സോഴ്സായും സെക്യൂരിറ്റി ജീവനക്കാരെ നിയമിച്ചിട്ടുണ്ട്.<br>3. ഒന്നിലധികം സന്ദർശകരുടെ പ്രവേശനം നിയന്ത്രിച്ചിട്ടുണ്ട്.<br>4. ആശുപത്രിയിൽ കോഡ് ഗ്രേ പ്രോട്ടോക്കോൾ പാലിച്ചു വരുന്നു.<br>5. ജീവനക്കാർക്ക് എതിരെയുള്ള അതിക്രമങ്ങൾ സംബന്ധിച്ച് ലഭ്യമാകുന്ന പരാതികൾ യഥാസമയം നിയമ നടപടികൾക്കായി പോലീസ് അധികാരികൾക്ക് കൈമാറി തുടർ നടപടികൾ സ്വീകരിച്ചു വരുന്നു.<br>6. പെട്ടെന്നുള്ള ആശയ വിനിമയത്തിന് വാക്കി-ടോക്കി സംവിധാനം നടപ്പിലാക്കിയിട്ടുണ്ട്.<br>7. എമർജൻസി അലാറം സംവിധാനം അത്യാഹിത വിഭാഗത്തിൽ ഏർപ്പെടുത്തിയിട്ടുണ്ട്.<br>8. എല്ലാ പ്രധാന സ്ഥലങ്ങളിലും സി.സി.ടി.വി സംവിധാനം പ്രവർത്തിക്കുന്നുണ്ട്.<br>9. ആരോഗ്യ പ്രവർത്തകർക്കെതിരെയുള്ള അതിക്രമം തടയുന്നതിനായി നിലവിലുള്ള നിയമത്തിലെ പ്രസക്തഭാഗങ്ങൾ ഇംഗ്ലീഷിലും, മലയാളത്തിലും പ്രദർശിപ്പിക്കുന്നുണ്ട്. |
| (ബി) | സർക്കാർ ആശുപത്രികളിലെ ഡ്യൂട്ടിയിലുള്ള ഡോക്ടർമാർക്കും ജീവനക്കാർക്കും നേരെയുണ്ടാകുന്ന അതിക്രമങ്ങൾ തടയാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ? | (ബി) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇത്തരം സംഭവങ്ങളെ സർക്കാർ അത്യന്തം ഗൗരവമായിത്തന്നെ കാണുന്നു.<br><br>സർക്കാർ ആശുപത്രികളിൽ ഡ്യൂട്ടിയിലുള്ള ഡോക്ടർമാർക്കും ജീവനക്കാർക്കും നേരെയുണ്ടാകുന്ന അതിക്രമങ്ങൾ തടയുന്നതിനായി സർക്കാർ *Code Grey Protocol* നടപ്പിലാക്കിയിട്ടുണ്ട്. ആശുപത്രികളിൽ അക്രമസാധ്യതയുള്ള സാഹചര്യങ്ങൾ നേരിടുന്നതിനും ആരോഗ്യ പ്രവർത്തകരുടെ സുരക്ഷ ഉറപ്പാക്കുന്നതിനുമായി ഇതിന്റെ ഭാഗമായി വിവിധ നടപടികൾ |

സ്വീകരിച്ചുവരുന്നു. പ്രധാനമായും ആശുപത്രി ജീവനക്കാർക്ക് അടിയന്തര സാഹചര്യങ്ങളിൽ സ്വീകരിക്കേണ്ട നടപടികളെക്കുറിച്ച് വ്യക്തമായ മാർഗരേഖ നൽകുകയും ആവശ്യമായ പരിശീലനം നൽകുകയുമാണ് ഈ പ്രോട്ടോക്കോളിന്റെ ഉദ്ദേശം.

കൂടാതെ, ആരോഗ്യ പ്രവർത്തകർക്ക് എതിരെയുള്ള അതിക്രമങ്ങൾ തടയുന്നതിനായി കേരള ഹെൽത്ത് കെയർ സർവീസ് പേഴ്സൺസ് ആൻഡ് ഹെൽത്ത് കെയർ സർവീസ് ഇൻസ്റ്റിറ്റ്യൂഷൻസ് (പ്രിവെൻഷൻ ഓഫ് വയലൻസ് ആൻഡ് ഡാമേജ് ടു പ്രോപ്പർട്ടി) ആക്ട് 2023-ൽ ഭേദഗതി വരുത്തി നിയമം കൂടുതൽ ശക്തമാക്കിയിട്ടുണ്ട്. ഭേദഗതിയിലൂടെ ശിക്ഷാ വ്യവസ്ഥകൾ കർശനമാക്കുകയും സംരക്ഷണ പരിധി പാരാമെഡിക്കൽ സ്റ്റാഫ്, സുരക്ഷാ ജീവനക്കാർ തുടങ്ങിയവരിലേക്കും വ്യാപിപ്പിക്കുകയും ചെയ്തിട്ടുണ്ട്.

അടിയന്തര സാഹചര്യം ഉണ്ടാകുമ്പോൾ എല്ലാ ജീവനക്കാരെയും ഉടൻ അറിയിക്കുന്നതിനായി ആശുപത്രികളിലെ തെരഞ്ഞെടുത്ത സ്ഥലങ്ങളിൽ പബ്ലിക് അനൗൺസ്മെന്റ് സംവിധാനം, CCTV സംവിധാനം എന്നിവ സ്ഥാപിക്കുന്നതും, പാനിക് അലാം സംവിധാനങ്ങൾ വഴി അടിയന്തരമായി കൺട്രോൾ റൂമുമായി ബന്ധപ്പെടുന്നതിനുള്ള സൗകര്യങ്ങൾ ഒരുക്കുന്നതുമായി ബന്ധപ്പെട്ട് പ്രത്യേക പ്ലാൻ സ്കീം രൂപീകരിച്ച് 2 കോടി രൂപ അനുവദിച്ച് DHS - ന് കീഴിലുള്ള സ്ഥാപനങ്ങൾക്ക് നൽകി വരുന്നു.

സർക്കാർ മെഡിക്കൽ കോളേജ് ആശുപത്രികളിലെ ഡ്യൂട്ടിയിലുള്ള ഡോക്ടർമാർക്കും ജീവനക്കാർക്കും നേരെയുണ്ടാകുന്ന അതിക്രമങ്ങൾ തടയാൻ ചുവടെ ചേർക്കും പ്രകാരമുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

1. 24 മണിക്കൂറും പ്രവർത്തിക്കുന്ന എയ്ഡ്പോസ്റ്റ് പ്രവർത്തിക്കുന്നു.
2. ആശുപത്രി വികസന സമിതി മുഖാന്തിരവും നേരിട്ടും ഔട്ട്സോഴ്സായും സെക്യൂരിറ്റി ജീവനക്കാരെ നിയമിച്ചിട്ടുണ്ട്.
3. ഒന്നിലധികം സന്ദർശകരുടെ പ്രവേശനം നിയന്ത്രിച്ചിട്ടുണ്ട്.
4. ആശുപത്രിയിൽ കോഡ് ഗ്രേ പ്രോട്ടോക്കോൾ പാലിച്ചു വരുന്നു.
5. ജീവനക്കാർക്ക് എതിരെയുള്ള അതിക്രമങ്ങൾ സംബന്ധിച്ച് ലഭ്യമാകുന്ന പരാതികൾ യഥാസമയം നിയമ നടപടികൾക്കായി പോലീസ് അധികാരികൾക്ക് കൈമാറി തുടർ നടപടികൾ സ്വീകരിച്ചു വരുന്നു.

| | | | |
|---|---|---|---|
| | | | 6. പെട്ടെന്നുള്ള ആശയ വിനിമയത്തിന് വാക്കി-ടോക്കി സംവിധാനം നടപ്പിലാക്കിയിട്ടുണ്ട്.<br>7. എമർജൻസി അലാറം സംവിധാനം അത്യാഹിത വിഭാഗത്തിൽ ഏർപ്പെടുത്തിയിട്ടുണ്ട്.<br>8. എല്ലാ പ്രധാന സ്ഥലങ്ങളിലും സി.സി.ടി.വി സംവിധാനം പ്രവർത്തിക്കുന്നുണ്ട്.<br>9. ആരോഗ്യ പ്രവർത്തകർക്കെതിരെയുള്ള അതിക്രമം തടയുന്നതിനായി നിലവിലുള്ള നിയമത്തിലെ പ്രസക്തഭാഗങ്ങൾ ഇംഗ്ലീഷിലും, മലയാളത്തിലും പ്രദർശിപ്പിക്കുന്നുണ്ട്. |

സെക്ഷൻ ഓഫീസർ